കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# കറുപ്പു നിയമങ്ങളും റവന്യൂ നിയമങ്ങളും (ബാധകത വ്യാപിപ്പിക്കൽ) ആക്റ്റ്, 1950

(1950-ലെ 33-ാം നമ്പർ ആക്റ്റ്)

വില [illegible]0-95

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കറുപ്പു നിയമങ്ങളും റവന്യൂ നിയമങ്ങളും (ബാധകത വ്യാപിപ്പിക്കൽ) ആക്ററ്, 1950

(1950-ലെ 33-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

# കരുപ്പുനിയമങ്ങളും റവന്യൂനിയമങ്ങളും (ബാധകത വ്യാപിപ്പിക്കൽ) ആക്റ്റ്, 1950

(1950-ലെ 33-ാം നമ്പർ ആക്റ്റ്)

ചില കരുപ്പുനിയമങ്ങളും റവന്യൂനിയമങ്ങളും ഇൻഡ്യയുടെ ചില ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കാൻ വ്യവസ്ഥചെയ്യുന്നതിനുള്ള ആക്റ്റ്.

(1850 ഏപ്രിൽ, 18)

പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.— ഈ ആക്റ്റിന്, കരുപ്പു നിയമങ്ങളും, റവന്യൂനിയമങ്ങളും (ബാധകത വ്യാപിപ്പിക്കൽ) ആക്റ്റ്, 1950 എന്ന് പേർ പറയാവുന്നതാണ്.

2. ചില കരുപ്പു നിയമങ്ങളും റവന്യൂനിയമങ്ങളും ഇൻഡ്യയുടെ ചില ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കൽ.—(1) ഈ ആക്റ്റിൻെറ പ്രാരംഭത്തിന് തൊട്ടുമുൻപ്, ഇൻഡ്യയുടെ ചില ഭാഗങ്ങളിൽ പ്രാബല്യത്തിലുള്ള താഴെ പറയുന്ന, അതായത്,

(i) കരുപ്പ് ആക്റ്റ്, 1857, (1857-ലെ 13)
(ii) കരുപ്പ് ആക്റ്റ്, 1878, (1878-ലെ 1)
(iii) റവന്യൂ വസൂലാക്കൽ ആക്റ്റ്, 1890, (1890-ലെ 1)
(iv) ഗവൺമെൻറ് വ്യാപാര-നികുതി ചുമത്തൽ ആക്റ്റ്, 1926, (1926-ലെ 3)
(v) അപായകരമായ മയക്കുമരുന്നുകൾ ആക്റ്റ് 1930, (1930-ലെ 2)
(vi) ആദായത്തിൻമേൽ നികുതി ചുമത്തൽ (അന്വേഷണക്കമ്മീഷൻ) ആക്റ്റ്, 1947, (1947-ലെ 30)
(vii) നികുതികൾ കൊടുക്കൽ (വസ്തു കൈമാററം) ആക്റ്റ്, 1949, (1949-ലെ 22) എന്നീ ആക്റ്റുകളും),അവയുടെ കീഴിൽ ഉണ്ടാക്കപ്പെടുന്ന എല്ലാ ചട്ടങ്ങളും ഉത്തരവുകളും ജമ്മു-കാശ്മീർ സ്റ്റേററൊഴികെയുള്ള ഇൻഡ്യയുടെ ബാക്കി ഭാഗത്തേക്ക് ഇതിനാൽ വ്യാപിപ്പിക്കുന്നതും, അവിടെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതുമാണ്.

(2) മുൻപറഞ്ഞ ആക്റ്റുകളിൽ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഭേദഗതികൾ ചെയ്യേണ്ടതാകുന്നു.

3. ആദായനികുതി-അന്വേഷണം സംബന്ധിച്ച സ്റ്റേററ് നിയമങ്ങളിലെ രൂപഭേദങ്ങൾ, (1947-ലെ 30).—ഈ ആക്റ്റിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പ് ജമ്മു-കാശ്മീരല്ലാത്ത ഏതെങ്കിലും ഖ ഭാഗം സ്റ്റേററിൽ, ആദായത്തിൻമേൽ നികുതി ചുമത്തൽ (അന്വേഷണക്കമ്മീഷൻ) ആക്റ്റ്, 1947-ൻെറ തത്സ്ഥാനീയമായ ഏതെങ്കിലും നിയമം (ഈ വകുപ്പിൽ ഇതിനുശേഷം "സ്റ്റേററ് നിയമം'' എന്ന് പരാമർശിക്കപ്പെടുന്നത്) പ്രാബല്യത്തിലുണ്ടെങ്കിൽ, ആ നിയമം താഴെ പറയുന്ന രൂപഭേദങ്ങളോടെ പ്രാബല്യത്തിൽ തുടരുന്നതാണ്, അതായത്:

(ക) കാർഷികാദായ നികുതിയല്ലാത്ത ആദായത്തിൻമേലുള്ള നികുതി ചുമത്തൽ സംബന്ധിച്ച വിഷയങ്ങളെക്കുറിച്ചുള്ളതും, സ്റ്റേററ് കമ്മീഷന് (എന്തു പേർ പറയപ്പെട്ടാലും) റഫർചെയ്യുകയോ, അതിൻെറ മുമ്പാകെ നിലവിലിരിക്കുകയോ ചെയ്യുന്നതും ആയ എല്ലാ കേസുകളും തീർച്ചയ്ക്കായി കേന്ദ്ര കമ്മീഷനിലേക്ക് മാററപ്പെട്ടു നിൽക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും കേസിൻെറ ഈ വകുപ്പിലെ വ്യവസ്ഥകൾക്കു കീഴിലുള്ള മാററം മാത്രം കാരണമായി, കേസ്സിൽ തെളിവു നൽകിയിട്ടുള്ള ഏതെങ്കിലും സാക്ഷിയെ തിരിയെ വിളിക്കുകയോ, വീണ്ടും കേൾക്കുകയോ, ചെയ്യാൻ കേന്ദ്രകമ്മീഷൻ ബാദ്ധ്യസ്ഥമായിരിക്കുന്നതല്ലാത്തതും, അതിന് ആദ്യം കേസ്സിൻെറ അന്വേഷണം നടത്തിയിരുന്ന കമ്മീഷൻ, റിക്കാർഡ് ചെയ്തു കഴിഞ്ഞതോ, അതിൻെറ മുമ്പാകെ ഹാജരാക്കിക്കഴിഞ്ഞതോ ആയ തെളിവിൻമേൽ, പ്രവർത്തിക്കാവുന്നതുമാണ്;

(ഖ) കേന്ദ്ര കമ്മിഷനിലേക്ക് (ക) ഖണ്ഡത്തിൻകീഴിൽ മാററപ്പെട്ട കേസ്സുകൾ, തീർച്ചചെയ്യുന്നതിൽ, ആദായത്തിൻമേൽ നികുതി ചുമത്തൽ (അന്വേഷണക്കമ്മീഷൻ) ആക്ററ്, 1947, (1947-ലെ 30)-ൻെറ കീഴിൽ, അതിനു റഫർചെയ്യുന്ന കേസ്സുകളുടെ അന്വേഷണത്തിൽ, അതിനുള്ളതും, അത് പ്രയോഗിക്കുന്നതുമായ അതേ അധികാരങ്ങൾ, അതിന് ഉണ്ടായിരിക്കുന്നതും, പ്രയോഗിക്കാവുന്നതും, അതിന് ആ ആക്ററിൻെറ 4-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൻ കീഴിലുള്ള അതേ കാലാവധി പ്രവർത്തിക്കാൻ അവകാശമുണ്ടായിരിക്കുന്നതുമാണ് ;

(ഖഖ) തിരുവിതാംകൂറിലേയോ തിരുവിതാംകൂർ-കൊച്ചിയിലേയോ മുഖ്യ റവന്യൂ അധികാരസ്ഥാനം അതിന് ആ സ്റ്റേററിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം നൽകുന്ന ഏതെങ്കിലും അധികാരങ്ങളുടെ പ്രയോഗത്തിലോ, പ്രയോഗത്തിലാണെന്നുകരുതപ്പെടാവുന്ന നിലയിലോ നൽകുന്ന ഏതെങ്കിലും തീരുമാനം അത് ഈ ആക്ററിൻെറ പ്രാരംഭത്തിനു മുൻപുള്ളതോ പിൻപുള്ളതോ ആയാലും, തിരുവിതാംകൂർ ആദായത്തിൻമേൽ നികുതി ചുമത്തൽ (അന്വേഷണക്കമ്മീഷൻ) ആക്ററ്, 1124, (1124-ലെ 14-ാം തിരുവിതാംകൂർ ആക്ററ്) 8-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൻെറ ആവശ്യങ്ങൾക്ക് ആദായനികുതി അധികാരസ്ഥാനത്താൽ നൽകപ്പെട്ട തീരുമാനമായി കരുതപ്പെടുന്നതും ആകുന്നു;

(ഗ) സ്റ്റേററ് നിയമത്തിലെ, സ്റ്റേററ് ഗവൺമെൻറിനെക്കുറിച്ചോ, സ്റ്റേററ് കമ്മീഷനെക്കുറിച്ചോ, ഉള്ള ഏതെങ്കിലും പരാമർശത്തിന് അത് വാക്കുകളുടെ ഏതു രൂപത്തിലായാലും, കാർഷികാദായമല്ലാത്ത ആദായം സംബന്ധിച്ച്, അതതു സംഗതിപോലെ, കേന്ദ്രഗവൺമെൻറിനെക്കുറിച്ചോ, കേന്ദ്ര കമ്മീഷനെക്കുറിച്ചോ ഉള്ള പരാമർശമായി അർത്ഥം കൽപ്പിക്കപ്പെടുന്നതാണ് ;

(ഘ) കേന്ദ്ര കമ്മീഷൻെറ റിപ്പോർട്ട്, കേന്ദ്രഗവൺമെൻറിന് സമർപ്പിക്കേണ്ടതും, കേന്ദ്രഗവൺമെൻറിന്, ലിഖിതമായ ഉത്തരവുവഴി, റിപ്പോർട്ട് ആരുടെ കേസിനെ സംബന്ധിക്കുന്നതാണോ അയാൾക്കെതിരായി കാർഷികാദായമല്ലാത്ത അയാളുടെ ആദായം സംബന്ധിച്ച്, ആദായനികുതിയോ, അധിനികുതിയോ അമിതലാഭ നികുതിയോ സംബന്ധിച്ച്, സ്റ്റേററിൽ പ്രാബല്യത്തിലിരിക്കുന്ന നിയമത്തിനോ മറേറതെങ്കിലും നിയമത്തിനോ കീഴിൽ, ഉചിതമെന്നു തോന്നുന്ന നടപടികൾ, എടുക്കണമെന്ന് നിദേശിക്കാവുന്നതും, അങ്ങനെയുള്ള നിദേശം നൽകുന്നതിൻമേൽ, അങ്ങനെയുള്ള എല്ലാ നടപടികളും, ആ സ്റ്റേററിൽ ബാധകമായ സമുചിത നിയമത്തിൻകീഴിൽ, അതിൻകീഴിലാണ്

ആ നിർദേശം നൽകിയിട്ടുണ്ടായിരുന്നതും, ആ നടപടികൾ ആരംഭിച്ചിട്ടുണ്ടായിരുന്നതുമെന്നാലെന്നപോലെ എടുക്കുകയും പൂർത്തിയാക്കുകയും ചെയ്യാവുന്നതുമാണ്;

(ങ) സ്റേറററിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ, ഒരു അസെസ്സി കൊടുക്കേണ്ട നികുതി നിശ്ചയിക്കുന്ന ആവശ്യത്തിന് അയാളുടെ ഒട്ടാകെയുള്ള ആദായത്തിൽ, അയാളുടെ കാർഷികാദായം ഉൾപ്പെടുത്തേണ്ടതായിട്ടുള്ളിടത്ത്, അയാളുടെ കാർഷികാദായമല്ലാത്ത ആദായം സംബന്ധിച്ച് കൊടുക്കേണ്ട നികുതി, കൂട്ടായി നികുതി ചുമത്തിയിരുന്നുവെങ്കിൽ, സ്റേറററിൽ, പ്രാബല്യത്തിലുള്ള സമുചിത നിയമത്തിൻകീഴിൽ കൊടുക്കേണ്ടിവരുമായിരുന്ന നികുതിയുടെ ആകെത്തുകയോട്, അങ്ങനെയുള്ള ആദായം കാർഷികാദായം ഉൾപ്പെടെയുള്ള ഒട്ടാകെയുള്ള ആദായത്തോടു വഹിക്കുന്ന അതേ അനുപാതം വഹിക്കുന്ന തുകയായിരിക്കുന്നതാണ്:

എന്നാൽ, ഈ ആവശ്യത്തിന്, സ്റേറററിൽ പ്രാബല്യത്തിലുള്ള സമുചിത നിയമം കാർഷികാദായത്തിൻമേൽ അനുവദിക്കുന്ന ഏതെങ്കിലും നികുതിക്കിഴിവ്, കണക്കിലെടുക്കപ്പെടുന്നതല്ല

വിശദീകരണം.—ഈ വകുപ്പിൽ, "കേന്ദ്രക്കമ്മീഷൻ" എന്നതിന്, ആദായത്തിൻമേൽ നികുതി ചുമത്തൽ (അന്വേഷണക്കമ്മീഷൻ) ആക്ററ്, 1947-ൻ കീഴിൽ ഏർപ്പെടുത്തുന്ന ആദായനികുതി അന്വേഷണക്കമ്മീഷൻ എന്നർത്ഥമാകുന്നു.

4. റദ്ദാക്കലുകളും ഒഴിവാക്കലുകളും.—ഈ ആക്ററിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പ്, ജമ്മു-കാശ്മീരല്ലാത്ത ഏതെങ്കിലും ഖ ഭാഗം സ്റേറററിലോ, അല്ലെങ്കിൽ ലയനംചെയ്ത കൂച്ച് ബീഹാർ രാജ്യക്ഷേത്രത്തിലോ, 2-ാം വകുപ്പിൽ വിനിർദ്ദേശിച്ചതും ആദായത്തിൻമേൽ നികുതി ചുമത്തൽ (അന്വേഷണക്കമ്മീഷൻ) ആക്ററ്, 1947 (1947-ലെ 30), അല്ലാത്തതുമായ ആക്ററുകളിൽ ഏതിൻേറയെങ്കിലും തൽസ്ഥാനീയമായ ഏതെങ്കിലും നിയമം പ്രാബല്യത്തിലുണ്ടെങ്കിൽ ആ നിയമം, ഈ ആക്ററിൻെറ പ്രാരംഭത്തോടുകൂടി, റദ്ദാക്കപ്പെട്ടതായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള റദ്ദാക്കൽ,—

(ക) ആ നിയമത്തിൻെറ മുൻപ്രവർത്തനത്തേയോ, അല്ലെങ്കിൽ

(ഖ) ആ നിയമത്തിനെതിരായി ചെയ്ത ഏതെങ്കിലും കുററം സംബന്ധിച്ച് നേരിട്ട ഏതെങ്കിലും ദണ്ഡനത്തേയോ കണ്ടുകെട്ടലിനേയോ ശിക്ഷയേയോ അല്ലെങ്കിൽ,

(ഗ) അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനമോ, കണ്ടുകെട്ടലോ, ശിക്ഷയോ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തേയോ, നിയമ നടപടിയേയോ, നിവൃത്തിയേയോ,

ബാധിക്കുന്നതല്ലാത്തതും, ഈ ആക്ററ് പാസ്സാക്കിയിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ, അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ, നിയമ നടപടിയോ, നിവൃത്തിയോ ആരംഭിക്കുകയോ, തുടരുകയോ, പ്രാവർത്തികമാക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനമോ, കണ്ടുകെട്ടലോ, ശിക്ഷയോ ചുമത്തുകയും ചെയ്യാവുന്നതും ആകുന്നു:

എന്നുമാത്രമല്ല, ആ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിൽ ചെയ്ത എന്തെങ്കിലുമോ, എടുത്ത ഏതെങ്കിലും നടപടിയോ, ആ സ്റേറററിലേയ്ക്ക് ഇപ്പോൾ വ്യാപിപ്പിക്കുന്ന കേന്ദ്ര ആക്ററിലെ തൽസ്ഥാനീയ വ്യവസ്ഥയ്ക്കു കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും ആകുന്നു.

5. വിഷമതകൾ നീക്കൽ.—ഏതു ആക്ററുകളോ ചട്ടങ്ങളോ ഉത്തരവുകളോ ആണോ ഈ ആക്ററിൻെറ പ്രാരംഭത്തിനു മുൻപ് അവ പ്രാബല്യത്തിലില്ലാതിരുന്ന, ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തേക്ക് ഇപ്പോൾ വ്യാപിപ്പിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആക്ററുകളിലേയോ, ചട്ടങ്ങളിലേയോ, ഉത്തരവുകളിലേയോ വ്യവസ്ഥകൾക്കു പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉൽഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, ആ വിഷമത നീക്കുന്നതിന് ആവശ്യകമെന്ന് തോന്നുന്ന വ്യവസ്ഥ ഉണ്ടാക്കുകയോ നിദേശം നൽകുകയോ ചെയ്യാവുന്നതാണ്.

പട്ടിക

[വകുപ്പ് 2 (2) നോക്കുക]

ഭേദഗതി ചെയ്യപ്പെട്ട അധിനിയമങ്ങൾ

| വർഷം (1) | നമ്പർ (2) | ചുരുക്കപ്പേര് (3) | ഭേദഗതികൾ (4) |
|---|---|---|---|
| 1857 | 13 | കറുപ്പ് ആക്ററ്, 1857 | (1) ആമുഖത്തിൽ, "ബംഗാളിലെ ഫോർട്ട് വില്യം പ്രസിഡൻസിയിൽ" എന്ന വാക്കുകൾ വിട്ടുകളയുക.<br>(2) താഴെപ്പറയുന്നത് 1-ാം വകുപ്പായി ചേർക്കുക, അതായത്:—<br>"1. ചുരുക്കപ്പേരും വ്യാപ്തിയും.<br>(1) ഈ ആക്ററിന് കറുപ്പ് ആക്ററ്, 1857 എന്ന് പേർ പറയാവുന്നതാണ്.<br>(2) ഇത് ജമ്മു-കാശ്മീർ സ്ററേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്." |
| 1878 | 1 | കറുപ്പ് ആക്ററ്, 1878 | (1) 1-ാം വകുപ്പിൽ, "ഇത് വരെ വ്യാപിക്കും" എന്നു തുടങ്ങി "ഇതിനു വേണ്ടി വിനിർദ്ദേശിക്കുന്നു" വരെയുള്ള വാക്കുകൾക്കു പകരം, താഴെ പറയുന്നത് ചേർക്കുക, അതായത്:—<br>"ഇത് ജമ്മു-കാശ്മീർ സ്ററേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | (2) 3-ാം വകുപ്പിൽ "ഇറക്കുമതി" "കയററുമതി" "പരിവഹണം" "വിൽപ്പന" "വിൽക്കുക" എന്നിവയുടെ നിർവ്വചനങ്ങൾക്ക് പകരം താഴെപ്പറയുന്നവ ചേർക്കുക, അതായത്— "കസ്ററംസ് അതിർത്തികൾ": എന്നാൽ കടൽ കസ്ററംസ് ആക്ററ്, 1878-ലെ, (1878-ലെ 8) 3 ക വകുപ്പിൻകീഴിൽ, കേന്ദ്രഗവൺമെൻറ് നിർവ്വചിക്കുന്നപ്രകാരമുള്ള, ഇൻഡ്യാ കസ്ററംസ് അതിർത്തികളിൽ ഏതെങ്കിലും എന്നർത്ഥമാകുന്നു;<br><br>"ഇറക്കുമതി"ക്കും "കയററുമതി"ക്കും യഥാക്രമം ഏതെങ്കിലും കസ്ററംസ് അതിർത്തികൾ കടത്തിയല്ലാതെ, ഒരു സ്റേററിലേക്ക് കൊണ്ടുവരികയോ, സ്റേററിനു വെളിയിൽ കൊണ്ടുപോവുകയോ എന്ന് അർത്ഥമാകുന്നു."<br><br>"പരിവഹണ"ത്തിന്, ഒരേ സ്റേററിനുള്ളിൽ, ഒരു സ്ഥലത്തു നിന്ന് മറെറാന്നിലേയ്ക്ക് നീക്കംചെയ്യുക എന്നർത്ഥമാകുന്നു.<br><br>"വിൽപ്പന"യിൽ, കസ്ററംസ് അതിർത്തികൾ കടത്തിയുള്ള കയററുമതിക്കു വിൽപ്പന ഉൾപ്പെടുന്നതല്ലാത്തതും, "വിൽക്കുക" എന്നതിന്, അതനുസരിച്ച് അർത്ഥം കൽപ്പിക്കപ്പെടുന്നതുമാകുന്നു. |
| 1890 | 1 | റവന്യൂ വസൂലാക്കൽ ആക്ററ്, 1890 | (1) 1-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ, "ഖ ഭാഗം സ്റേററുകൾ" എന്ന വാക്കുകൾക്കും അക്ഷരത്തിനും പകരം "ജമ്മു-കാശ്മീർ സ്റേററ്" എന്ന് ചേർക്കുക.<br><br>(2) 4-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൽ, ഒരു "ക ഭാഗം സ്റേററോ ഗ ഭാഗം സ്റേററോ" എന്ന വാക്കുകൾക്കും അക്ഷരങ്ങൾക്കും പകരം, "ഈ ആക്ററ് വ്യാപിക്കുന്ന ഏതെങ്കിലും സ്റേററ്" എന്ന വാക്കുകൾ ചേർക്കുക. |

| (1) | (2) | (3) | (4) |
|---|---|---|---|
| 1926 | 3 | ഗവൺമെൻറ് വ്യാപാര നികുതി ചുമത്തൽ ആക്റ്റ്, 1926 | (1) ആമുഖത്തിൽ, "അല്ലെങ്കിൽ ഏതെങ്കിലും പ്രവേശിക്കുന്ന സ്റ്റേറ്റിന്റേയോ മറ്റ് ഇൻഡ്യൻ സ്റ്റേറ്റിന്റേയോ ഗവൺമെൻറ്" എന്ന വാക്കുകൾ വിട്ടുകളയുക.<br>(2) 2-ാം വകുപ്പിൽ,—<br>(ക) (1)-ാം ഉപവകുപ്പിൽ, "ക ഭാഗം സ്റ്റേറ്റുകളിലും, ഗ ഭാഗം സ്റ്റേറ്റുകളിലും" എന്ന വാക്കുകൾക്കുപകരം "ഇൻഡ്യ" എന്ന വാക്ക് ചേർക്കുക ;<br>(ഖ) (1 ക) ഉപവകുപ്പ് വിട്ടുകളയുക;<br>(ഗ) (3)-ാം ഉപവകുപ്പിൽ, താഴെപ്പറയുന്ന വാക്കുകൾ ഒടുവിലായി ചേർക്കുക, അതായത്:—<br>"ഇൻഡ്യ" എന്നാൽ, ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യയുടെ രാജ്യക്ഷേത്രം എന്നു അർത്ഥമാകുന്നതും,<br>(3) (3)-ാം വകുപ്പിൽ, "ഒരു പ്രവേശിക്കുന്ന സ്റ്റേറ്റിലേക്കോ മറ്റ് ഇൻഡ്യൻ സ്റ്റേറ്റിലേക്കോ" എന്ന വാക്കുകൾക്കു പകരം "ഒരു ഖ ഭാഗം സ്റ്റേറ്റിലേക്ക്" എന്ന വാക്കുകളും അക്ഷരവും ചേർക്കുക. |
| 1930 | 2 | അപായകരമായ മയക്കുമരുന്നുകൾ ആക്റ്റ്, 1930 | (1) 1-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ, "ഖ ഭാഗം സ്റ്റേറ്റുകൾ" എന്ന വാക്കുകൾക്കും അക്ഷരത്തിനും പകരം "ജമ്മു-കാശ്മീർ സ്റ്റേറ്റ്" എന്ന വാക്കുകൾ ചേർക്കുക,<br>(2) 39-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "അല്ലെങ്കിൽ ഒരു ക ഭാഗം സ്റ്റേറ്റിലേയോ ഒരു ഗ ഭാഗം സ്റ്റേറ്റിലേയോ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു ആക്റ്റ്" എന്ന വാക്കുകൾക്കും അക്ഷരങ്ങൾക്കും പകരം "അല്ലെങ്കിൽ ഏതെങ്കിലും സ്റ്റേറ്റ് നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു ആക്റ്റ്" എന്ന വാക്കുകൾ ചേർക്കുക. |

| (1) | (2) | (3) | (4) |
|---|---|---|---|
| 1947 | 30 | ആദായത്തിൻമേൽ നികുതി ചുമത്തൽ (അന്വേഷണക്കമ്മീഷൻ) ആക്റ്റ്, 1947 | 1-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ, "ഖ ഭാഗം സ്റ്റേറ്റുകൾ" എന്ന വാക്കുകൾക്കും അക്ഷരത്തിനും പകരം "ജമ്മു-കാശ്മീർ സ്റ്റേറ്റ്" എന്ന വാക്കുകൾ ചേർക്കുക. |
| 1949 | 22 | നികുതികൾ കൊടുക്കൽ (വസ്തു കൈമാററം) ആക്റ്റ്, 1949 | (1) 1-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ, "ഖ ഭാഗം സ്റ്റേറ്റുകൾ" എന്ന വാക്കുകൾക്കും അക്ഷരത്തിനും പകരം "ജമ്മു-കാശ്മീർ സ്റ്റേററ്" എന്ന വാക്കുകൾ ചേർക്കുക.<br>(2) 2-ാം വകുപ്പിലെ വിശദീകരണത്തിൽ, "ഖ ഭാഗം സ്റ്റേറ്റുകൾ" എന്ന വാക്കുകൾക്കും അക്ഷരത്തിനും പകരം "ജമ്മു-കാശ്മീർ സ്റ്റേറ്റ്" എന്ന വാക്കുകൾ ചേർക്കുക. |